# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2112 18.07.2016-ലെ മറുപടിക്ക്

**ഹയർ സെക്കന്ററി ഹിസ്റ്ററി (സീനിയർ)തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് ഉള്ളതെന്ന് വിഷയം തിരിച്ച് വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | ഹയർസെക്കന്ററി ഹിസ്റ്ററി (സീനിയർ) വിഭാഗത്തിൽ ആകെ എത്ര തസ്തികകൾ ആണ് നിലവിൽ ഉള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | 485 തസ്തികകളാണ് നിലവിലുള്ളത്. |
| (സി) | സ്പെഷ്യൽ റൂൾ പ്രകാരം പ്രസ്തുത തസ്തികകളിലേക്ക് പ്രൊമോഷൻ വഴിയും പി.എസ്.സി. വഴിയും എത്ര ശതമാനം വീതം നിയമനം നടത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സ്പെഷ്യൽ റൂൾ പ്രകാരം എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം വഴി നികത്താനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ജൂനിയർ അദ്ധ്യാപകർ ഇല്ലാത്ത അവസരത്തിൽ മാത്രമെ ടി ഒഴിവുകൾ 75% പി.എസ്.സി വഴി നേരിട്ടും 25% എച്ച്.എസ്.എ/യു.പി. എസ്.എ/എൽ.പി.എസ്.എ മാരിൽ നിന്നും തസ്തികമാറ്റം വഴി നികത്താൻ വ്യവസ്ഥയുള്ളു. |
| (ഡി) | ഹയർസെക്കന്ററി ഹിസ്റ്ററി (സീനിയർ) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ മുഴുവനും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (ഡി) | 34 ഒഴിവുകളാണ് നിലവിലുള്ളത്. അതിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

S/D Katheesh

സെക്ഷൻ ഓഫീസർ.